**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാംസമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 938** — **10-06-2019-ലെ മറുപടി**

**<u>സ്വകാര്യജലചൂഷണവും ജലവിൽപ്പനയും തടയാൻ നടപടി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം.ഉമ്മർ<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.പാറക്കൽ അബ്ദുല്ല | | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ ജല ചൂഷണവും ജല വിൽപ്പനയും തടയാൻ എന്തെല്ലാം പദ്ധതി കളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ; | (എ) | നദികൾ, തോടുകൾ, കനാലുകൾ എന്നിവിടങ്ങളിൽ നിന്ന് സ്വകാര്യ ആവശ്യങ്ങൾക്ക് ജലം എടുക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കേരള ജല സേചനവും ജല സംരക്ഷണവും നിയമം. 2003 പ്രകാരം 5 ഹോഴ്സ് പവ്വറിൽ കൂടുതൽ ശക്തിയുള്ള മോട്ടോറുകൾ ഉപയോഗിച്ച് ജലം എടുക്കുന്നതിന് പ്രത്യേക അനുമതി ആവശ്യമാണ്.കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധ ജല കണക്ഷനുകൾ ഉപയോഗപ്പെടുത്തി വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുക, ജലം മോഷണം നടത്തുക, വാട്ടർ മീറ്ററിൽ കൃത്രിമം കാണിക്കുക എന്നീ പ്രവർത്തനങ്ങൾ തടയാൻ കേരള വാട്ടർ അതോറിറ്റിയിൽ ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് ,കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്) . കുഴൽകിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്.കേരള കെട്ടിടനിർമ്മാണ ചട്ടം ചാപ്റ്റർ(14),91&93(എ) എന്നീ വകുപ്പുകൾ |

| | | | |
|---|---|---|---|
| | | | പ്രകാരം സംസ്ഥാനത്ത് കുഴൽക്കിണറുകൾ /ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പെർമ്മിറ്റും ഭൂജല വകുപ്പിന്റെ ക്ലിയറൻസും 10/01/2014 മുതൽ നിർബന്ധമാണ്. |
| (ബി) | ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ ലൈസൻസ് ഇല്ലാതെയും ഗുണ നിലവാരം പരിശോധിക്കാതെ യുമുള്ള ജലവിതരണം മൂലം ഉണ്ടാകുന്ന ഗുരുതരമായ സാമൂഹ്യ പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | ബി & സി | ചില സ്ഥലങ്ങളിൽ സ്വകാര്യ വിതരണക്കാർ വിതരണം ചെയ്യുന്ന ജലം ഉപയോഗിക്കുന്നതു കാരണം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ വെൻഡിംഗ് പോയിന്റുകളിൽ നിന്നും സ്വകാര്യ വ്യക്തികൾക്കുൾപ്പെടെ ടാങ്കർ ലോറികളിൽ വിതരണം ചെയ്യുവാനായി നൽകുന്ന കുടിവെള്ളം പരിശോധന നടത്തി ഗുണ നിലവാരം ഉറപ്പുവരുത്തിയതിനുശേഷം മാത്രമാണ് നൽകുന്നത്.അതുപോലെ തന്നെ കേരള വാട്ടർ അതോറിറ്റി പൈപ്പിലൂടെ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന ജലം കർശനമായ ഗുണനിലവാര പരിശോധന കൾക്ക് വിധേയമായാണ് നൽകുന്നത്. സ്രോതസ്സിൽ നിന്നും എടുക്കുന്നതു മുതൽ ഉപഭോക്താവിൽ എത്തുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ വിവിധ തലങ്ങളിൽ കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധനാ വിഭാഗം ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും വേണ്ട മാർഗ്ഗ നിർദേശങ്ങൾ നൽകുകയും അവ പാലിക്ക പ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ഇതു വഴി ശുദ്ധവും സുരക്ഷിതവുമായ ജലമാണ് പൊതുജനങ്ങൾക്ക് ലഭിക്കുന്നത് എന്നത് ഉറപ്പാക്കുന്നു. |
| (സി) | എങ്കിൽ കുടിവെള്ള വിതരണം പൂർണ്ണമായും സർക്കാർ നിയന്ത്ര ണത്തിൽ കൊണ്ടുവരുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**